**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **12-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്, ശ്രീ. അൻവർ സാദത്ത് , ശ്രീമതി ഉമ തോമസ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ ഫിഷറീസ് വകുപ്പ് പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ചതിന്റെ വിശദാംശം ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ട്.<br><br>ഏലൂർ എടയാർ ഭാഗം തുടങ്ങി പെരിയാർ ഒഴുകുന്ന കടമക്കുടി, വരാപ്പുഴ, ചേരാനെല്ലൂർ, കടങ്ങല്ലൂർ, ചിറ്റാറ്റുകര, വടക്കേക്കര, ഏഴിക്കര, മുളവുകാട് എന്നീ പഞ്ചായത്തുകളിലേയും കൊച്ചി കോർപ്പറേഷനിലെ പച്ചാളം, വടുതല, തന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളിലേയും മത്സ്യങ്ങൾ 2024 മെയ് 20-ാം തീയതി രാത്രിയോട് കൂടി ചത്ത് പൊങ്ങുവാൻ ആരംഭിക്കുകയും മെയ് 21-ാം തീയതി ഉച്ചയോട് കൂടി പൂർണ്ണമായും ചത്ത് പൊങ്ങുകയും ചെയ്തു.<br><br>പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെത്തുടർന്ന് 23/05/2024 രാവിലെ 10.30 ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദ്ദേശ പ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ സർവ്വെയിലൻസ് ടീം പ്രസ്തുത സ്ഥലത്തെ, ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തിയിരുന്നു. ഏലൂർ മുനിസിപ്പാലിറ്റിയിൽ 29-ഓളം കമ്പനികളാണ് പെരിയാറിന്റെ ഈ പ്രദേശങ്ങളിലായി പ്രവർത്തിച്ച് വരുന്നത്. ഫാക്ടറികളിൽ നിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടത് മൂലമാണോ പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമെന്നത് കൂടുതൽ പരിശോധന നടത്തിയാൽ മാത്രമേ കണ്ടെത്തുന്നതിന് സാധിക്കുകയുള്ളൂ.<br><br>കുഫോസിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം ജലജീവികൾക്ക് നന്നായി ജീവിക്കുവാൻ 4 mg/l എന്ന തോതിൽ പ്രാണവായു വേണമെന്നിരിക്കെ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സമയത്ത് രേഖപ്പെടുത്തിയത് 1.14 mg/l എന്ന വളരെ താഴ്ന്ന അളവാണ്. വെള്ളത്തിൽ അമോണിയയുടെയും സിലിക്കേറ്റിന്റെയും സൾഫേറ്റിന്റെയും ഉയർന്ന തോതിലുള്ള സാന്നിദ്ധ്യവും വെള്ളത്തിൽ അമ്ലതയും നിരീക്ഷിക്കപ്പെട്ടു. ഇതാകാം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിന് കാരണമെന്ന് വിലയിരുത്തപ്പെടുന്നു.<br><br>ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പി.എം.എം.എസ്.വൈ., ജനകീയ മത്സ്യകൃഷി എന്നീ പദ്ധതി ഗുണഭോക്താക്കളുടെ കൂടുമത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി ഉൾപ്പെടെയുള്ള മത്സ്യകൃഷി രീതികളെയും സ്വകാര്യ മത്സ്യകർഷകരെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനു പുറമെ |

| | | | |
|---|---|---|---|
| | | | പുഴയിലെ തനത് മത്സ്യസമ്പത്തിന് നഷ്ടം സംഭവിച്ചിരിക്കുന്നത് ഉൾനാടൻ മത്സ്യ ത്തൊഴിലാളികളുടെ ഉപജീവനത്തെയും വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസിൽ നിന്നുള്ള സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യ പിടിച്ച് ഉപജീവനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ടി വിഷയത്തിൽ കുറ്റക്കാരെ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്ന് തന്നെ പ്രശ്ന ബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ നിർദ്ദേശങ്ങളുമുണ്ട്. |
| (ബി) | പെരിയാറിന്റെ തീരങ്ങളിലുള്ള ഫാക്ടറികളിൽ നിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടതാണ് പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണം എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ചതിന്റെ വിശദാംശം ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ട്.<br><br>ഏലൂർ എടയാർ ഭാഗം തുടങ്ങി പെരിയാർ ഒഴുകുന്ന കടമക്കുടി, വരാപ്പുഴ, ചേരാനെല്ലൂർ, കടങ്ങല്ലൂർ, ചിറ്റാറ്റുകര, വടക്കേക്കര, ഏഴിക്കര, മുളവുകാട് എന്നീ പഞ്ചായത്തുകളിലേയും കൊച്ചി കോർപ്പറേഷനിലെ പച്ചാളം, വടുതല, തന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളിലേയും മത്സ്യങ്ങൾ 2024 മെയ് 20-ാം തീയതി രാത്രിയോട് കൂടി ചത്ത് പൊങ്ങുവാൻ ആരംഭിക്കുകയും മെയ് 21-ാം തീയതി ഉച്ചയോട് കൂടി പൂർണ്ണമായും ചത്ത് പൊങ്ങുകയും ചെയ്തു.<br><br>പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെത്തുടർന്ന് 23/05/2024 രാവിലെ 10.30 ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദ്ദേശ പ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ സർവ്വെയിലൻസ് ടീം പ്രസ്തുത സ്ഥലത്തെ, ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തിയിരുന്നു. ഏലൂർ മുനിസിപ്പാലിറ്റിയിൽ 29-ഓളം കമ്പനികളാണ് പെരിയാറിന്റെ ഈ പ്രദേശങ്ങളിലായി പ്രവർത്തിച്ചു വരുന്നത്. ഫാക്ടറികളിൽ നിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടത് മൂലമാണോ പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമെന്നത് കൂടുതൽ പരിശോധന നടത്തിയാൽ മാത്രമേ കണ്ടെത്തുന്നതിന് സാധിക്കുകയുള്ളൂ.<br><br>കുഫോസിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം ജലജീവികൾക്ക് നന്നായി ജീവിക്കുവാൻ 4 mg/l എന്ന തോതിൽ പ്രാണവായു വേണമെന്നിരിക്കെ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സമയത്ത് രേഖപ്പെടുത്തിയത് 1.14 mg/l എന്ന വളരെ താഴ്ന്ന അളവാണ്. വെള്ളത്തിൽ അമോണിയയുടെയും സിലിക്കേറ്റിന്റെയും സൾഫേറ്റിന്റെയും ഉയർന്ന തോതിലുള്ള സാന്നിദ്ധ്യവും വെള്ളത്തിൽ അമ്ലതയും നിരീക്ഷിക്കപ്പെട്ടു. ഇതാകാം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിന് കാരണമെന്ന് വിലയിരുത്തപ്പെടുന്നു.<br><br>ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പി.എം.എം.എസ്.വൈ., ജനകീയ മത്സ്യകൃഷി എന്നീ പദ്ധതി ഗുണഭോക്താക്കളുടെ കൂടുമത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി ഉൾപ്പെടെയുള്ള മത്സ്യകൃഷി രീതികളെയും സ്വകാര്യ മത്സ്യകർഷകരെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനു പുറമെ പുഴയിലെ തനത് മത്സ്യസമ്പത്തിന് നഷ്ടം സംഭവിച്ചിരിക്കുന്നത് ഉൾനാടൻ മത്സ്യ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
ത്തൊഴിലാളികളുടെ ഉപജീവനത്തെയും വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.
വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസിൽ നിന്നുള്ള സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യ പിടിച്ച് ഉപജീവനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ടി വിഷയത്തിൽ കുറ്റക്കാരെ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്ന് തന്നെ പ്രശ്ന ബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ നിർദ്ദേശങ്ങളുമുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത സംഭവത്തിൽ നഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>
പ്രാഥമികമായി ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ മത്സ്യകൃഷികളിലെ നാശനഷ്ടങ്ങൾ വിലയിരുത്തിയപ്പോൾ 7,03,66,280/- (ഏഴ് കോടി മൂന്ന് ലക്ഷത്തി അറുപത്താറായിരത്തി ഇരുനൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ നഷ്ടം സംഭവിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ ഏകദേശം 150 ഓളം ചീനവലകൾ പ്രവർത്തിക്കുകയും ഉപജീവനത്തിനായി ഇതിനെ ആശ്രയിക്കുകയും ചെയ്യുന്നുണ്ട്. പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതുവരെ തൊഴിൽദിനം നഷ്ടപ്പെട്ട സജീവ മത്സ്യത്തൊഴിലാളികൾക്ക് 3 മാസത്തെ നഷ്ടവും അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് 1 മാസത്തെ നഷ്ടവും ചേർത്ത് ഉപജീവനത്തിനായി ആകെ 6,51,94,500/- (ആറ് കോടി അൻപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയായി വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>മത്സ്യ കർഷകർ (കൂടുകൃഷി) Embankment breeding unit</td><td>210 കൂടുകൃഷി 5 ha കുളം യൂണിറ്റ് 0.4 ha embankment</td><td>70366280/-</td></tr>
<tr><td>മത്സ്യത്തൊഴിലാളികൾ (ചീനവല, കുറ്റിവല തൊഴിലാളികൾ ഉൾപ്പെടെ)</td><td>2248 (Registered) + 58 (Non registered) @350/day for 25 days in a month for 3 months)</td><td>60532500/-</td></tr>
<tr><td>മത്സ്യ അനുബന്ധ തൊഴിലാളി കൾ</td><td>518 @300/day for 30 days</td><td>4662000/-</td></tr>
<tr><td colspan="2">ആകെ</td><td>135560780</td></tr>
</table>
നഷ്ടപരിഹാരം നൽകുന്നതടക്കമുള്ള വിഷയങ്ങൾ പരിശോധിക്കുന്നതാണ്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ